**Government of Kerala**
**Information & Public Relations Department**
**INFORMATION OFFICE, KERALA HOUSE, NEW DELHI**
**Phone / Fax: 011-23360349, 23343424**
**Website: www.prd.kerala.gov.in, E-mail: iokhnd@gmail.com**

28/09/2016

# പത്രക്കുറിപ്പ്
# കേരള പവലിയനിൽ ഗേൾ ഗൈഡുകളാകാം

ന്യൂഡൽഹിയിൽ 2017 നവംബർ 14 മുതൽ 27 വരെ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേളയോടനുബന്ധിച്ച് കേരള പവലിയനിലെ വിവിധ സേവനങ്ങൾക്ക് നിയോഗിക്കാനായി ഗേൾ ഗൈഡുകളുടെ പാനൽ തയ്യാറാക്കുന്നു. നാല് പേർക്കാണ് അവസരം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും സംസാരിക്കാനും അറിയാവുന്നവർക്ക് അപേക്ഷിക്കാം. വിദ്യാഭ്യാസ യോഗ്യത പന്ത്രണ്ടാം ക്ലാസ്സ്. ഉയർന്ന പ്രായപരിധി 30 വയസ്. പവലിയനിൽ സേവനങ്ങൾക്കായി നിയോഗിക്കുന്ന ഗേൾ ഗൈഡുകൾക്ക് പ്രതിഫലം ലഭിക്കും. ഇൻറർവ്യൂവിൻെറ അടിസ്ഥാനത്തിലായിരിക്കും തെരെഞ്ഞെടുപ്പ്. താല്പര്യമുള്ളവർ ഫോട്ടോ, ബയോഡാററ എന്നിവ സഹിതം **ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3 - ജന്ദർ മന്ദർ റോഡ്, ന്യൂഡൽഹി - 110001** എന്ന വിലാസത്തിൽ 2017 ഒക്ടോബർ 13 നകം അപേക്ഷ ലഭ്യമാക്കണം. ഇൻറർവ്യൂ തീയതി പിന്നീട് അറിയിക്കും.

## PANEL OF GIRL GUIDES

In connection with the IITF-2017 the Government of Kerala proposes to prepare a panel of four dynamic young girls conversant in Malayalam, English and Hindi to engage as girl guides in the Kerala Pavilion, Pragati Maidan, New Delhi. Minimum qualification is 12th Standard pass. Maximum age limit 30 years. Selected candidates engaged for duties will get remuneration. The selection will be made on the basis of an interview. Interested candidates may submit their detailed resume with photo to the **Deputy Director, I - PRD, Information Office, Kerala House, New Delhi-110001** on or before 13th October 2017. The date of interview will be intimated later.

# ക്വട്ടേഷനുകൾ ക്ഷണിച്ചു

ന്യൂഡൽഹി പ്രഗതി മൈതാനിയിൽ 2017 നവംബർ 14 മുതൽ 27 വരെ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയോടനുബന്ധിച്ച് കേരള പവലിയനിലെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 16 വൈകീട്ട് 3 മണിയാണ്. കൂടുതൽ വിവരങ്ങൾ 3 - ജന്ദർ മന്ദർ റോഡിലുള്ള കേരള ഹൗസിലെ നോട്ടീസ് ബോർഡിലും അഡീഷണൽ ബ്ലോക്കിൽ (251-ാം നമ്പർ മുറി) പ്രവർത്തിക്കുന്ന ഇൻഫർമേഷൻ ഓഫീസിലും ലഭ്യമാണ്.

സുരക്ഷാ-ശുചീകരണ പ്രവൃത്തികൾ, ഇവന്റ് മാനേജ്മെന്റ്, പവലിയനിലേക്കാവശ്യമായ ഓഫീസ് ഫർണ്ണിച്ചറുകളുടെ വിതരണം, പ്രിന്റിങ് ജോലികൾ, വാഹനം, വീഡിയോ ഡോക്യുമെന്റേഷൻ എന്നിവക്കാണ് ക്വട്ടേഷനുകൾ ക്ഷണിച്ചിരിക്കുന്നത്.